നിയമസഭാ ചോദ്യം/മറുപടി

നമ്പർ E6-22554/12.

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി 23-07-2012.

സാമൂഹ്യക്ഷേമ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും

സർ,

വിഷയം :- സാമൂഹ്യക്ഷേമ വകുപ്പ് - ജീവനക്കാര്യം - നിയമസഭാ ചോദ്യം നമ്പർ 7627 - ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തിലുള്ളവരുടെ നിയമനം - സംബന്ധിച്ച്.

സൂചന :- 17-07-2012ലെ 10092/D1/ 2012/SWD നമ്പർ സർക്കാർ കത്ത്.

സൂചന പ്രകാരമുള്ള നിയമസഭാ ചോദ്യത്തിനുള്ള മറുപടി നൽകുന്നതിനായി, താങ്കളുടെ ജില്ലയിലെ കാര്യാലയങ്ങളിലും സ്ഥാപനങ്ങളിലും, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം "ഡിഫറന്റ്ലി ഏബിൾഡ്" വിഭാഗത്തിലുള്ള ജീവനക്കാർ പി.എസ്.സി. മുഖേനയോ, എംപ്ലോയ്മെന്റ് എക്സചേഞ്ച് മുഖേനയോ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെങ്കിൽ, പ്രസ്തുത ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് അവരുടെ നിയമനരീതി സംബന്ധിച്ച വിവരം സഹിതം കീഴ് കാര്യാലയങ്ങളിൽ നിന്നും ശേഖരിച്ച്, ആയത് ക്രോഡീകരിച്ച് 5 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിയമസഭയ്ക്ക് മറുപടി നൽകേണ്ടതാകയാൽ, ടി വിഷയത്തിൽ തക്ക സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യക്ഷേമ ഡയറക്ടർക്ക് വേണ്ടി

R.M.12

23/7/12

GOVERNMENT OF KERALA

0768